പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4841

04.07.2012-ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലയിൽ വനിതാ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിൽ വനിതാ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;<br><br>(ബി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത തസ്തികയിലേക്ക് നിയമനത്തിന് പി.എസ്.സി. നടത്തിയ എഴുത്തു പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാനുണ്ടോ;<br><br>(സി) പ്രസിദ്ധീകരിക്കാനുണ്ടെങ്കിൽ ആയത് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എ), (ബി) & (സി) കാറ്റഗറി നമ്പർ 73/06, 87/08 എന്നിവ പ്രകാരം വനിതാ വില്ലേജ് എകസ്റ്റൻഷൻ ആഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ എന്നീ തസ്തികകളിലേയ്ക്ക് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ചു എങ്കിലും 30.07.08-ലെ ജി.ഒ.(പി)നം.216/08/തസ്വഭവ പ്രകാരം ടി രണ്ട് തസ്തികകളും കൂടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന തസ്തികയായി ഒന്നാക്കിയതിന്റെ അടിസ്ഥാനത്തിൽ 02.08.2010-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന തസ്തികയിലേക്കാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ടി റാങ്ക് ലിസ്റ്റ് 23.03.2011-ൽ കാലഹരണപ്പെടുകയാണുണ്ടായത്. നിലവിലുള്ള 31 ഒഴിവുകളിലേയ്ക്ക് പത്തനംതിട്ട ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

Ambikadevi

സെക്ഷൻ ഓഫീസർ